# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .329 — 28.06.2011-ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ പൊതു സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) തീരുമാനിച്ചിട്ടുണ്ട്. 26.02.2011-ലെ സ.ഉ.(സാധാ)നം.61/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2.4.2011 മുതൽക്ക് പ്രാബല്യത്തിൽ വരത്തക്ക വിധം തദ്ദേശസ്വയംഭരണ വകുപ്പിന് പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടുണ്ടോ; സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (ബി) സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടില്ല. സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിന് മേൽ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) സ്പെഷ്യൽ റൂൾ എന്ന് നടപ്പിലാക്കും എന്ന് അറിയിക്കാമോ? | (സി) സ്പെഷ്യൽ റൂൾ രൂപീകരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ